**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 945** **29-08-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ ക്ഷേത്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിൽ മലബാർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ കീഴിലായി എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; | (എ) | മണലൂർ മണ്ഡലത്തിൽ മലബാർ, ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിന് കീഴിലുള്ളതും കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ളതുമായ ക്ഷേത്രങ്ങൾ താഴെ പറയുന്നവയാണ് .<br><br>**മലബാർ ദേവസ്വം ബോർഡ് .**<br><br>1. ബ്രാഹ്മകുളം ശിവ ക്ഷേത്രം<br><br>2. പാലുവായ് മഹാവിഷ്ണു ക്ഷേത്രം<br><br>3. കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രം<br><br>4. എടവള്ളി ദുർഗ്ഗാഭഗവതി ക്ഷേത്രം & കീഴേടം കളമധുര മഹാവിഷ്ണു ക്ഷേത്രം<br><br>5. മങ്ങാരെ ശിവക്ഷേത്രം<br><br>6. ചേലൂർകുന്ന് ശിവക്ഷേത്രം<br><br>7. മരുതായൂർ ദുർഗ്ഗാഭഗവതി ക്ഷേത്രം<br><br>8. വെൺമനാട് മഹാവിഷ്ണു ക്ഷേത്രം<br><br>9. പെരിങ്ങോട് അയ്യപ്പൻകാവ് ക്ഷേത്രം<br><br>10. പറമ്പിൻതളി മഹാദേവ ക്ഷേത്രം<br><br>11 . പെരുവല്ലൂർ കോട്ട വേട്ടക്കൊരുമകൻ ക്ഷേത്രം<br><br>12. തൃക്കുലശേഖരപുരം ക്ഷേത്രം<br><br>13. ചിറക്കൽ ഭഗവതി ക്ഷേത്രം<br><br>14. പതിയാർകുളങ്ങര ഭഗവതി ക്ഷേത്രം<br><br>15. വെങ്കിട്ടങ്ങ് ശങ്കര നാരായണ ക്ഷേത്രം |

| | | | |
|---|---|---|---|
| | | | 16 .തൃത്തല്ലൂർ ശിവക്ഷേത്രം<br><br>17.വാടാനപ്പള്ളി ദേവസ്വം<br><br>18.ഗണശ മംഗലം ക്ഷേത്രം വാടാനപ്പള്ളി<br><br>**കൊച്ചിൻ ദേവസ്വം ബോർഡ്**<br><br>1. മണലൂർ സത്രം<br><br>2.കാരമുക്ക് ശ്രീകൃഷ്ണ ക്ഷേത്രം<br><br>3.അരിമ്പൂർ കുട്ടാല<br><br>4. പത്യാല ഭഗവതി ക്ഷേത്രം<br><br>5. മണലി പുലിച്ചിക്കാട് ക്ഷേത്രം . |
| (ബി) | പ്രസ്തുത ക്ഷേത്രങ്ങളിലെല്ലാം ഉപദേശക സമിതികൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മണലൂർ സത്രത്തിൽ പുതിയ സമിതി രൂപീകരണം അവസാന ഘട്ടത്തിലാണ് . കാരമുക്ക് ശ്രീകൃഷ്ണ ക്ഷേത്രം ,അരിമ്പൂർ കുട്ടാല – എന്നിവടങ്ങളിൽ നിലവിലുള്ള സമിതിയുടെ കാലാവധി ദീർഘിപ്പിക്കുവാൻ സമർപ്പിച്ച അപേക്ഷ ബോർഡിന്റെ പരിഗണയിലാണ് . പത്യാല ഭഗവതി ,മണലി പുലിച്ചിക്കാട് എന്നീ ക്ഷേത്രങ്ങളിൽ സമിതി നിലവിലുണ്ട്.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉപദേശക സമിതികൾ പ്രവർത്തിച്ച് വരുന്നില്ല . |
| (സി) | ഉപദേശക സമിതികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | ബഹു ഹൈക്കോടതി അംഗീകരിച്ച ബൈലോ പ്രകാരമാണ് കൊച്ചിൻ ദേവസ്വം ബോർഡിൽ സമിതി രൂപീകരണം നടത്തുന്നത് . ബഹു.ഹൈക്കോടതി അംഗീകാരത്തോടെ ക്ഷേത്ര ഉപദേശക സമിതി രൂപീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട ബൈലോ കൊച്ചിൻ ദേവസ്വം ബോർഡിൽ നിലവിലുണ്ട്. ടി ബൈലോ പ്രകാരം ഉറച്ച ഈശ്വര വിശ്വാസികളും ക്ഷേത്ര കാര്യങ്ങളിൽ താല്പര്യവും ക്ഷേത്രത്തിന്റെ ഉന്നമനത്തിനു വേണ്ടി നിസ്വാർത്ഥ സേവനം നടത്തുവാൻ സന്നദ്ധരാണെന്ന് ദേവസ്വം അധികാരികൾക്ക് ബോധ്യമുള്ളവരും പ്രായപൂർത്തിയായവരുമായ<br><br>ഏതൊരു ഹിന്ദുവിനും ക്ഷേത്ര ഉപദേശക സമിതിയിൽ അംഗത്വത്തിന് അർഹത ഉണ്ടായിരിക്കും. ക്ഷേത്ര ഉപദേശക സമിതിയിൽ അംഗമാകുവാൻ ക്ഷേത്ര വുമായി ബന്ധപ്പെട്ടവരും ക്ഷേത്ര ത്തിന്റെ ആചാരപരമായ ഭൂപ്രദേശങ്ങളിൽ ഉൾപ്പെടുന്നവരും പതിവായി ക്ഷേത്രത്തിൽ |

വരുന്നവരും ക്ഷേത്രത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നവരും ക്ഷേത്രത്തിന്റെ ചുറ്റവട്ടത്ത് ജനിച്ച് വളർന്ന് ഔ ദ്യോഗിക ആശ്യങ്ങൾക്കായി ദൂരെ താമസിക്കുന്നവരുമായ ഹിന്ദുക്കളായിരിക്കണം. എന്നാൽ ബുദ്ധി സ്ഥിരത ഇല്ലാത്തവർക്കും, സ്വഭാവ ദൂഷ്യത്താലോ ദുരാചാരത്താലോ ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടവർക്കും, സാമ്പത്തിക ക്രമക്കേടുകളിൽ ഉൾപ്പെട്ടവർക്കും മുമ്പ് ക്ഷേത്ര ഉപദേശക സമിതികളിൽ പ്രവർത്തിച്ച് നിയമരഹിതമായ പ്രവർത്തനങ്ങളിൽ എർപ്പെട്ടവർക്കും, ക്ഷേത്രസ്വത്ത് കയ്യേറി കൈവശം വെച്ചിരിക്കുന്നവർക്കും അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ക്ഷേത്ര ഉപദേശക സമിതി തിരഞ്ഞെടുക്കുന്നതിന് ഒരു ജനറൽ ബോഡി രൂപീകരിക്കേണ്ടതുണ്ട്. ആയതിന് കൊച്ചിൻ ദേവസ്വം ബോർഡ് ഒരു അപേക്ഷ

ഫോം വിതരണം ചെയ്യുന്നതും ക്ഷേത്ര ഉപദേശക സമിതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്നവർ ടി ഫോറം പൂരിപ്പിച്ച് നൽകേണ്ടതുമാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകരുടെ വിവരം പരിശോധിച്ച് കരട് ലിസ്റ്റ് ക്ഷേത്രത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി പരാതി സമർപ്പിക്കുവാൻ 10 ദിവസത്തെ സമയം നൽകുകയും ലഭിച്ച പരാതികൾ പരിശോധിച്ച് അന്തിമ ലിസ്റ്റ് 10 ദിവസത്തിനകം ക്ഷേത്രത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആയതിന് ശേഷം 7 ദിവസത്തിനകം അപേക്ഷകരുടെ ജനറൽ ബോഡി വിളിക്കേണ്ടതുമാണ്. ജനറൽ ബോഡി വിളിക്കുന്നതിനുള്ള അറിയിപ്പ് അതാത് ക്ഷേത്ര നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ടി ജനറൽ ബോഡിയിൽ ദേവസ്വം ഓഫീസറുടെ അദ്ധ്യക്ഷതയിൽ ക്ഷേത്ര ഉപദേശക സമിതിയെ തിരഞ്ഞെടുക്കേണ്ടതാണ്. തിരഞ്ഞെടുക്കുന്നതിന് ഒരാൾക്ക് ഒരാളുടെ പേർ നിർദ്ദേശിക്കാവുന്നതും ഒരാൾക്ക് പിൻതാങ്ങാവുന്നതാണ്. അപ്രകാരമുള്ള തിരഞ്ഞെടുപ്പിൽ സമവായം വരാത്ത പക്ഷം പൊതു യോഗം നിർത്തി വെച്ച് ദേവസ്വം ഓഫീസർ വിവരം ബോർഡ് മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതും ബോർഡിന്റെ പ്രത്യേക അനുമതി വാങ്ങി ക്ഷേത്ര ഉപദേശക സമിതിയെ ജനറൽ ബോഡി അംഗങ്ങളിൽ നിന്നും നോമിനേറ്റ് ചെയ്യാവുന്നതും ആയത് അസിസ്റ്റന്റ് കമ്മീഷ്ണറുടെ ശുപാർശ,,സഹിതം ബോർഡ് മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്. ഇപ്രകാരമുള്ള പരമാവധി 21 പേരുടെ ലിസ്റ്റിൽ നിർബന്ധമായും

| | | | |
|---|---|---|---|
| | | | ഒരു വനിതയും, എസ്.സി/എസ്.ടി അംഗവും ഉണ്ടായിരിക്കണം. ഭാരവാഹിത്വത്തിൽ അച്ഛൻ, അമ്മ, മക്കൾ എന്നിവരിൽ നിന്നും ഒരാൾ മാത്രമേ പാടുള്ളു.<br><br>മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉപദേശക സമിതികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി മുമ്പാകെ കേസ് നിലനിൽക്കുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കിഴിലുള്ള ക്ഷേത്രങ്ങളിൽ, ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ സെക്ഷൻ (14) ലെ വ്യവസ്ഥകൾ പ്രകാരവും ആയതിനു കീഴിൽ രൂപീകരിക്കപ്പെട്ട ചട്ടങ്ങൾ പ്രകാരവും ഉപദേശക സമിതികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കി ബഹു.ഹൈക്കോടതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ഉപദേശക സമിതികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതാണെന്ന് മലബാർ ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ